നമ്പർ:17/2019

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
# വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
മലങ്കര സഭയുടെ ചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കാനാവാത്ത നാമമാണ് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടേത്. ഈ പരിശുദ്ധ സഭയുടെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസം സംരക്ഷിക്കുന്നതിനും, അതിന്റെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുമായി ആ വിശുദ്ധ പിതാവ് സ്വന്ത ജീവിതം സമർപ്പിച്ചു. തികഞ്ഞ ദൈവാശ്രയവും സമർപ്പണവും കൈമുതലാക്കിക്കൊണ്ട് അങ്ങേയറ്റം അനുകരണീയമായ ഒരു മാതൃക പകർന്നുതന്നു. പ്രതിസന്ധികൾക്കും അനിശ്ചിതത്വത്തിനുമിടയിൽ ദൈവാശ്രയത്തോടും തപ:ശക്തിയോടും കൂടെ കർമ്മകുശലതയോടെ ജീവിതം നയിച്ച് ഇപ്പോൾ ദൈവമുമ്പാകെ നമുക്കുവേണ്ടി പ്രാർത്ഥന അണയ്ക്കുന്നു. പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പിതാവിന്റെ 85 -ാം ഓർമ്മപ്പെരുന്നാൾ 2019 ഫെബ്രുവരി 22, 23 (വെള്ളി, ശനി) തീയതികളിൽ കോട്ടയം പഴയസെമിനാരി ചാപ്പലിൽ ആചരിക്കുകയാണ്.

പെരുന്നാൾ ദിവസമായ 22-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്കുള്ള സന്ധ്യാ നമസ്കാരത്തെ തുടർന്ന് കോട്ടയം ചെറിയപള്ളിയിൽ നിന്നും പഴയസെമിനാരിയിലെ കബറിങ്കലേക്ക് നടത്തുന്ന ഭക്തിനിർഭരമായ പ്രദക്ഷിണത്തിലും, 23-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്കുള്ള വി. മൂന്നിന്മേൽ കുർബ്ബാനയിലും നമ്മുടെ എല്ലാപള്ളികളിൽ നിന്നും പട്ടക്കാരും വിശ്വാസികളും കഴിവുള്ളിടത്തോളം പ്രത്യേകം വാഹനങ്ങൾ ക്രമീകരിച്ചും, പദയാത്രകൾ സംഘടിപ്പിച്ചും തീർത്ഥാടകരായി നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം സ്നേഹപൂർവ്വം അറിയിക്കുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. പദയാത്രയായി വരുവാൻ ആഗ്രഹിക്കുന്നവർ ആ വിവരം പഴയസെമിനാരി മാനേജർ വന്ദ്യ തോമസ് ഏബ്രഹാം കോറെപ്പിസ്കോപ്പായെ അറിയിക്കേണ്ടതാണ്. മലങ്കര സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ ഈ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂർവ്വം എല്ലാ ഇടവകകളിലും ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യെൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ജനുവരി മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.